# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് നിരന്തരം അറിവ് നേടണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു

   **President Droupadi Murmu urges people to constantly gain knowledge about the latest technologies.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിലെ സഹകരണത്തിനുള്ള അഞ്ച് കരാറുകൾ ഇരു രാജ്യങ്ങളും കൈമാറി

   **Prime Minister Narendra Modi held talks with New Zealand Prime Minister Christopher Laxon in New Delhi. The two countries exchanged five agreements for cooperation in various areas.**

3. പത്താമത് റൈസീന സംഭാഷണത്തിന് ന്യൂഡൽഹിയിൽ തുടക്കം

   **The 10th Raisina Dialogue begins in New Delhi.**

4. പ്രധാൻമന്ത്രി ഇൻറേൺഷിപ്പ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ പുറത്തിറക്കി

   **Union Minister Nirmala Sitharaman launched the mobile app for the Prime Minister's Internship Scheme.**

5. മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കത്തെ തുടർന്ന് കുട്ടനാട്ടിലെ പാടശേഖങ്ങളിൽ നെല്ല് കെട്ടികിടക്കുന്ന സാഹചര്യത്തെച്ചൊല്ലി കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്

   **The opposition conduct a walk out in the Kerala Assembly today over the situation of ricegrains piled up in Kuttanad following a dispute between mill owners and farmers.**

6. പ്രശസ്ത ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു. അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ പ്രമുഖർ.

**Renowned lyricist Mankombu Gopalakrishnan passed away. Eminent personalities including Chief Minister Pinarayi Vijayan have expressed their condolences.**

✡✡✡✡✡✡✡✡✡✡✡✡✡✡

## PREZ- NAVAL TRAINEES

ലോകമെമ്പാടുമുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് നിരന്തരം അറിവ് നേടണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഇന്ത്യൻ നേവൽ മെറ്റീരിയൽ മാനേജ്മെന്റ് സർവീസിലെയും ആർമമെന്റ് സർവീസിലെയും ഓഫീസർ ട്രെയിനികളുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു രാഷ്ട്രപതി. ആഗോളതലത്തിൽ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് രാജ്യങ്ങൾ സമുദ്ര സഹകരണം വർദ്ധിപ്പിക്കുകയും സംയുക്ത അഭ്യാസങ്ങൾ നടത്തുകയും ചെയ്യേണ്ടേത് അനിവാര്യമാണെന്നും രാഷ്ട്രപതി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NEWZEALAND PM VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി ന്യൂഡൽഹിയിൽ കൂടികക്കാഴ്ച നടത്തി. പ്രതിരോധം, വിദ്യാഭ്യാസം, ആയുധം, വനം, ഹോർട്ടിക്കൾച്ചർ എന്നീ അഞ്ച് കരാറുകൾ ഇരു രാജ്യങ്ങളും തമ്മിൽ കൈമാറി. ഇന്തോ-പസഫിക് സമുദ്ര സംരംഭത്തിൽ ന്യൂസിലാൻഡ് പങ്കാളിയായി. കൂടാതെ ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഖ്യത്തിലും അംഗമായി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയ കക്ഷി ബന്ധം ശക്തിപ്പെടുത്തുക, പ്രതിരോധം, സുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണം എന്നിവ സംബന്ധിച്ച് ന്യൂസിലാൻഡ് പ്രധാനമന്ത്രിയുമായി ചർച്ച ചെയ്തതായി കൂടിക്കാഴ്ചയ്ക്ക് ശേഷം നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ ശ്രീ.മോദി പറഞ്ഞു. തീവ്രവാദം തടയുന്നതിൽ ഇന്ത്യയ്ക്കും ന്യൂസിലാൻഡിനും ഒരേ താത്പര്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയ്സ്)

## PM - RAISINA DIALOGUE INTRO

പത്താമത് റൈസീന സംഭാഷണത്തിന് ന്യൂഡൽഹിയിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവഹിച്ചു. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയായി. ന്യൂസിലാൻഡിന് ഔഷധങ്ങൾ, യന്ത്ര സാമഗ്രികൾ തുടങ്ങിയവ നൽകുന്ന പ്രധാന സ്രോതസ്സാണ് ഇന്ത്യയെന്ന് ന്യൂസിലാൻഡ് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(വോയ്സ്)

മൂന്ന് ദിവസം നീളുന്ന സമ്മേളനത്തിൽ 125 രാജ്യങ്ങളിൽ നിന്നുള്ള 3,500 ലേറെ പ്രതിനിധികളാണ് പങ്കെടുക്കുക. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തിക രംഗം എന്നീ മേഖലകളുമായി ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾ റൈസീന സംഭാഷണത്തിൽ നടക്കും.

## TRUMP- PM PODCAST

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ്മാനുമായുള്ള അഭിമുഖം തൻറെ ട്രൂത്ത് സോഷ്യൽ പ്ലാറ്റ്ഫോമിൽ പങ്കുവച്ച് അമേരിക്കൻ പ്രസിഡൻ്റ് ഡോണൾഡ് ട്രംപ്. ട്രംപുമായുള്ള തൻറെ ബന്ധത്തെക്കുറിച്ച് പ്രധാനമന്ത്രി അഭിമുഖത്തിൽ വിശദമായി സംസാരിക്കുന്നുണ്ട്. മൂന്ന് മണിക്കൂർ നീണ്ടുനിന്ന പോഡ്കാസ്റ്റിൽ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നു.

## RAJNATH- US TULSI GABBARD

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അമേരിക്കൻ ദേശീയ ഇൻറലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സഹകരണത്തിൻറെ പ്രധാന സ്തംഭമായി നയതന്ത്ര സുരക്ഷ നിലനിൽക്കുന്നുണ്ടെന്ന് ഇരുവരും കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടു. ഇന്ത്യയും യുഎസും തമ്മിൽ സൈനികാഭ്യാസങ്ങൾ, തന്ത്രപരമായ സഹകരണം, തുടങ്ങയവയിൽ

കൈവരിച്ച പുരോഗതിയും അവലോകനം ചെയ്തതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## EVE-RS RAILWAYS

റെയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് സുഖകരവും താങ്ങാനാവുന്നതുമായ യാത്രാ സൗകര്യം ലഭ്യമാക്കുന്ന തിനും സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേ മന്ത്രാലയത്തിൻറെ പ്രവർത്തന ത്തെക്കുറിച്ച് രാജ്യസഭയിലെ ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. 2020 മുതൽ ട്രെയിൻ യാത്രാ നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലെന്നും ശ്രീ. വൈഷ്ണവ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## RS - POWER

2014 മുതൽ 234 ജിഗാവാട്ട് ഉൽപാദനം കൂട്ടിച്ചേർത്ത് രാജ്യത്തെ വൈദ്യുതി ക്ഷാമം പരിഹരിച്ചതായി ഊർജ്ജ സഹമന്ത്രി ശ്രീപദ് നായിക്. വൈദ്യുതി മിച്ച പ്രദേശങ്ങളിൽ നിന്ന് വൈദ്യുതി ക്ഷാമമുള്ള പ്രദേശങ്ങളിലേക്ക് വൈദ്യുതി കൈമാറ്റം ചെയ്യുന്നതിന് ശക്തമായ ദേശീയ ഗ്രിഡ് സ്ഥാപിച്ചിട്ടു ണ്ടെന്നും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## PM-DEBENDRA PRADHAN

മുൻ കേന്ദ്രമന്ത്രി ദേബേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ അന്തരിച്ചു. 84 വയസ്സായിരുന്നു. അടൽ ബിഹാരി വാജ്പേയി സർക്കാരിൽ ഉപരിതല ഗതാഗത സഹമന്ത്രിയായി സേവനമനുഷ്ഠിച്ചിരുന്നു. കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ പിതാവാണ് അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹി യിൽ അദ്ദേഹത്തിൻ്റെ വസതിയിലെത്തി അന്ത്യാഞ്ജലി അർപ്പിച്ചു. കഠിനാധ്വാനിയും എളിമയുള്ള നേതാവുമായി വ്യക്തിമുദ്ര പതിപ്പിച്ച ദേബേന്ദ്ര പ്രധാന്റെ വിയോഗത്തിൽ ദുഃഖമുണ്ടെന്ന് ശ്രീ മോദി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NIRMALA-PMIS

പ്രധാൻമന്ത്രി ഇൻറേൺഷിപ്പ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ന്യൂഡൽഹിയിൽ പുറത്തിറക്കി.
ഇന്റേൺഷിപ്പ് പദ്ധതി വെബ്സൈറ്റിൽ എല്ലാ ഇന്ത്യൻ ഭാഷകളും ലഭ്യമാക്കാനുള്ള ശ്രമം വലിയൊരു മുന്നേറ്റമാണെന്ന് ശ്രീമതി നിർമല സിതാരാമൻ പറഞ്ഞു. മൊബൈൽ ആപ്പ് ആരംഭിക്കുന്നതിലൂടെ സാധ്യതയുള്ള ഇൻറേണുകൾക്ക് കൂടുതൽ സൗകര്യമൊരുക്കുകയാണ് സർക്കാരെന്നും കേന്ദ്രമന്ത്രി പറഞ്ഞു.
(ഹോൾഡ്- വോയിസ്)
ഇൻറേൺഷിപ്പ് പദ്ധതിക്കായുള്ള അപേക്ഷകൾ മാർച്ച് 31വരെ സ്വീകരിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡

## ASSEMBLY WALKOUT

മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കത്തെ തുടർന്ന് കുട്ടനാട്ടിലെ പാടശേഖങ്ങളിൽ നെല്ല് കെട്ടികിടക്കുന്ന സാഹചര്യം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. വിഷയത്തിൽ അനൂപ് ജേക്കബ് നൽകിയ ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് വാക്ക് ഔട്ട് ചെയ്തു. നെല്ലിന് അമിതമായ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമകൾ സംഭരണത്തിൽ നിന്ന് പിന്മാറുന്നത് തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പ്രതിപക്ഷം ആരോപിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കം സംഭരണത്തെ ബാധിച്ചതായി പറഞ്ഞ മന്ത്രി ജി ആർ അനിൽ നെല്ല് സംഭരണ വിഷയം ചർച്ച ചെയ്ത് പരിഹരിച്ചതാണെന്ന് വ്യക്തമാക്കിയതോടെ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡

## MANKOMP GOPALAKRISHNAN

പ്രശസ്ത ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു. 78 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് കൊച്ചിയിലെ ആശുപത്രിയിൽ ഇന്ന് വൈകുന്നേരത്തോടെയാണ് അന്ത്യം. 200 ചിത്രങ്ങളിലായി 700 -ലെറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ലക്ഷാർച്ചന കണ്ടു മടങ്ങുമ്പോൾ, ത്രയംബകം വില്ലൊടിഞ്ഞു, നാടൻ പാട്ടിൻറെ മടിശ്ശീല

കിലുങ്ങും തുടങ്ങി നിരവധി ജനപ്രിയ ഗാനങ്ങൾ അദ്ദേഹമാണ് രചിച്ചത്. പത്തിലേറെ ചിത്രങ്ങൾക്ക് തിരക്കഥയുമെഴുതി. മങ്കൊമ്പ് ഗോപാല കൃഷ്ണൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

## SHA WORKER -HONARARIUM

ആശാ പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് നിശ്ചയിച്ച പത്ത് മാനദണ്ഡങ്ങളും പിൻവലിച്ച് കേരള സർക്കാർ. പ്രതിമാസ ഇൻസെൻറീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും സർക്കാർ ഭേദഗതി വരുത്തി. സമരത്തിൻറെ വിജയമാണ് തീരുമാനമെന്ന് ആശാപ്രവർത്തകർ പ്രതികരിച്ചു. 36 ദിവസമായി തുടരുന്ന സമരത്തിൻറെ ഭാഗമായി ആശാപ്രവർത്തകർ ഇന്ന് സെക്രട്ടേറിയേറ്റ് ഉപരോധിച്ചിരുന്നു. ഈ മാസം 20 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്ന് സമരസമിതി അറിയിച്ചു.

## KABADDI WORLD CUP

കബഡി ലോകകപ്പ് 2025 ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ ഇംഗ്ലണ്ട് ഹംഗറിയെ പരാജയപ്പെടുത്തി. West Midlands ലെ നാല് നഗരങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. മറ്റൊരു മത്സരത്തിൽ ഇന്ത്യ ഇറ്റലിയെ പരാജയപ്പെടുത്തി.

## J and K -ENCOUNTER

വടക്കൻ കശ്മീരിലെ കുപ് വാര ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിലുള്ള ഏറ്റുമുട്ടലിൽ അജ്ഞാത ഭീകരൻ കൊല്ലപ്പെട്ടു. ഇന്ന് പുലർച്ചെയാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. പ്രദേശത്ത് ഭീകരർ ഒളിച്ചിരിക്കുന്നുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന്, സുരക്ഷാ സേന തിരച്ചിൽ നടത്തുന്നതിനിടെ ഭീകരർ വെടിയുതിർക്കുകയായിരുന്നു.

## TRUMP - PUTIN TALKS

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപും നാളെ ചർച്ച നടത്തുമെന്ന് സ്ഥിരീകരിച്ച് റഷ്യ. ഇരു നേതാക്കളും തമ്മിലുള്ള സംഭാഷണത്തിന് തയ്യാറെടുക്കുകയാണെന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് അറിയിച്ചു. അതേസമയം ഏത് വിഷയത്തിലാണ് ഇരുവരും ആശയവിനിമയം നടത്തുക എന്നതിനെക്കുറിച്ച് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.